LIBRARY ARCHIVES Kerala Legislative Assembly

നഗര തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പൊതുസ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും കൃഷിചെയ്യുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ നഗരസഭകളും ഏറ്റെടുത്ത് നടത്തിയിരുന്നു. ടി വർഷം സുഭിക്ഷകേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായി 4,03,684 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു. തരിശുഭൂമി കൃഷിക്കുയോഗ്യമാക്കൽ, കൃഷിക്കായി സ്ഥലമൊരുക്കൽ, മത്സ്യകൃഷിക്കായി കുളം വൃത്തിയാക്കൽ, പടുതാക്കുളം നിർമ്മാണം, പച്ചത്തുരുത്തുകളുടെ നിർമ്മാണം, കോഴിക്കൂട്, കാലിത്തൊഴുത്ത് എന്നിവയുടെ നിർമ്മാണം, അസോള കൃഷി, നെൽകൃഷിക്കായി നിലമൊരുക്കൽ എന്നിവയാണ് നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാന സർക്കാർ നഗരപ്രദേശത്ത് നടപ്പിലാക്കുന്ന അയ്യങ്കാളി നഗർ തൊഴിലുറപ്പ് പദ്ധതി മുഖേന നടത്തുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

3-11-2017-ലെ സ.ഉ.(കൈ)നമ്പർ 216/2017/തസ്വഭവ പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

വള്ളിക്കുന്ന് മണ്ഡലത്തിലെ വില്ലേജ് നോളജ് സെന്റർ

334 (5059) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിൽവരുന്ന മുഴുവൻ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്രസാമൂഹ്യസുരക്ഷാ പദ്ധതിയായ സമൃദ്ധിക്കും വരൾച്ച, പരിസ്ഥിതിനാശം, സമഗ്രവും ശാസ്ത്രീയവും ജനപങ്കാളിത്തത്തോടും കൂടിയ മണ്ണ് ജൈവ സംരക്ഷണം, നീർത്തടസംരക്ഷണം എന്നിവ ലക്ഷ്യമിട്ടുള്ള നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെയും പ്രവർത്തനങ്ങൾക്കാവശ്യമുള്ള വിവര-വിജ്ഞാന വ്യാപനത്തിനായി തദ്ദേശഭരണസ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന ഒരു സ്ഥിരംസംവിധാനമായ വില്ലേജ് നോളജ് സെന്റർ നിലവിൽ എവിടെയെല്ലാമുണ്ടെന്ന് വ്യക്തമാക്കാമോ?

7-3-2018-ലെ സ.ഉ.(സാധാ) നമ്പർ 55/2018/ഇ&ഐ.റ്റി.ഡി. പ്രകാരം കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂർ, ചപ്പാരപടവ്, മയ്യിൽ, കൊളച്ചേരി, കുറ്റിയാട്ടൂർ, പരിയാരം, മലപ്പട്ടം ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി, ധർമ്മടം, വെങ്ങാട്, പെരളശ്ശേരി, അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, മുഴപ്പിലങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് നോളജ് സെന്ററുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സമാനമായരീതിയിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ വില്ലേജ് നോളജ് സെന്റർ ആരംഭിക്കുന്നകാര്യം പരിശോധിക്കുമോ; ഇതിനായി നൽകിയ അപേക്ഷയിൽ സ്വീകരിച്ചനടപടികൾ വ്യക്തമാക്കാമോ?

അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല. സർക്കാർതലത്തിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

അഗതിരഹിത കേരളം പദ്ധതി

335 (5060) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതിരഹിത കേരളം പദ്ധതിയുടെ വിശദാംശം നൽകുമോ?

കേരള സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ, 2003 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് ആശ്രയ. 2017-18 ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആശ്രയയുടെ നവീകരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. കേരളത്തിൽ 1,034 തദ്ദേശഭരണ സ്ഥാപനങ്ങളിലും അഗതിരഹിത കേരളം പദ്ധതി അംഗീകാരം നേടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പത്തോ അതിലധികമോ പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഒരു തദ്ദേശഭരണ സ്ഥാപനത്തിലുണ്ടെങ്കിൽ അവിടെ പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതിയും നിലവിലുണ്ട്. ഇത്തരത്തിൽ 170 പട്ടികവർഗ്ഗ പ്രത്യേക പദ്ധതികളാണുള്ളത്. 1,57,381 (ജനറൽ പദ്ധതി 1,47,651 പട്ടികവർഗ്ഗ പദ്ധതി 9,730) ഗുണഭോക്തൃ കുടുംബങ്ങളാണ് ഈ പദ്ധതിയിലുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങളെത്തിക്കുക വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് അഗതിരഹിത കേരളം പദ്ധതിയുടെ പ്രധാനലക്ഷ്യം. 12-12-2017-ലെ സ.ഉ.(എം.എസ്)നമ്പർ 252/17/ ത.സ്വ.ഭ.വ. പ്രകാരം ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. 9 ക്ലേശഘടകങ്ങളും, നഗര പ്രദേശങ്ങളിൽ 10 അധികക്ലേശഘടകങ്ങളും, ഗ്രാമപ്രദേശങ്ങളിൽ 8 അധികക്ലേശ ഘടകങ്ങളും ഉൾപ്പെടുത്തിയാണ് സർവ്വേ നടത്തുന്നത്. ഇവയിൽ 7 ക്ലേശഘടകങ്ങൾ ബാധകമാകുകയും അതോടൊപ്പം അധിക ക്ലേശഘടകങ്ങളിൽ ഒന്നെങ്കിലും ബാധകമാകുകയും ചെയ്യുന്ന കുടുംബത്തെയാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly